# കേന്ദ്രസർക്കാർ മുന്നാക്കസമുദായങ്ങൾക്കുവേണ്ടി പ്രഖ്യാപിച്ച 10% സംവരണം നടപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാനസർക്കാർ ഇനിയുമെങ്കിലും ആത്മാർത്ഥത കാണിക്കണം

മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തിക പിന്നാക്കാവസ്ഥ ഉള്ളവർക്ക് 10 ശതമാനം സംവരണം നല്കുന്ന കാര്യത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് ജസ്റ്റീസ് ശശിധരൻനായർകമ്മീഷൻ കേരളസർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കൃത്രിമം കാട്ടി സാമ്പത്തികസംവരണം അട്ടിമറിക്കാൻ സർക്കാർ ഗൂഢമായി ശ്രമിക്കുന്നതായി മനസ്സിലാക്കുന്നു.

അപേക്ഷകന്റെ കുടുംബത്തിന്റെ വരുമാനവും ഭൂവിസ്തൃതിയും കണക്കാക്കുന്നതിന് അപേക്ഷകൻ, അപേക്ഷകന്റെ മാതാപിതാക്കൾ, 18 വയസിൽ താഴെയുള്ള സഹോദരങ്ങൾ, അപേക്ഷകന്റെ പങ്കാളിയും അപേക്ഷകന്റെ 18- വയസിൽ താഴെ പ്രായമുള്ള കുട്ടികൾ എന്നിവരെ മാത്രമാണ് കുടുംബം എന്ന നിർവചനത്തിൽ കമ്മീഷൻ ഉൾപ്പെടുത്തിയിട്ടുള്ളത്. സാമ്പത്തികസംവരണം നടപ്പാക്കാൻ ഇതുപോലെതന്നെയാണ് കേന്ദ്രസർക്കാരും കുടുംബം എന്നതിന് നിർവചനം നല്കിയിട്ടുള്ളത്. എന്നാൽ, 10 ശതമാനം സാമ്പത്തികസംവരണം നടപ്പാക്കുന്നതിന് 12.2.2020-ൽ കേരളസർക്കാരിന്റെ ഉദ്യോഗസ്ഥഭരണപരിഷ്കാരറൂൾസ് വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിൽ കമ്മീഷൻ കുടുംബത്തിന് നല്കിയിട്ടുള്ള നിർവചനത്തിലെ മേല്പറഞ്ഞവരെ കൂടാതെ, 18 വയസ്സിനു മുകളിലുള്ള കുടുംബത്തെ ആശ്രയിച്ചു കഴിയുന്നവരെകൂടി ഉൾപ്പെടുത്തിയിരിക്കുകയാണ്.

അങ്ങനെവരുമ്പോൾ അപേക്ഷകനോടൊപ്പം ഒരു വീട്ടിൽ താമസിക്കുന്ന പ്രായപൂർത്തിയായ സഹോദരങ്ങളുടെ വക ഭൂമിയും വരുമാനവും പുതിയ ഈ നിർവചനപ്രകാരം അപേക്ഷകന്റെ കുടുംബത്തിന്റെ സ്വത്തായും വരുമാനമായും കണക്കാക്കേണ്ടിവരും. കുടുംബത്തെ ആശ്രയിച്ച് ജീവിക്കുന്ന ഇത്തരക്കാർ ഇല്ലെന്ന് വരുമാനസർട്ടിഫിക്കറ്റ് നല്കാൻ അധികാരപ്പെട്ട വില്ലേജ് ഓഫീസറെ രേഖാമൂലം ബോദ്ധ്യപ്പെടുത്തേണ്ട ബാദ്ധ്യതകൂടി അപേക്ഷകന് ഉണ്ടാകും. ഇത് അപ്രായോഗികമാണുതാനും. കൂടാതെ ഇത് മറ്റുതരത്തിലുള്ള പ്രതിബന്ധങ്ങളും സൃഷ്ടിക്കും. ഭൂവിസ്തൃതി, വരുമാനം എന്നിവയ്ക്കുള്ള സർട്ടിഫിക്കറ്റുകൾ ലഭിക്കാതെ അപേക്ഷകർ നട്ടംതിരിയുന്ന അവസ്ഥ സംജാതമാകും. 10 ശതമാനം സാമ്പത്തികസംവരണം എന്നുമുതൽ നടപ്പാക്കുമെന്നും സർക്കാർഉത്തരവിൽ വ്യക്തമല്ല. വളരെയേറെ അവ്യക്തതയും പ്രത്യാഘാതങ്ങളും ഉളവാക്കുന്ന ഈ കൂട്ടിച്ചേർക്കൽ സാമ്പത്തിക സംവരണം അട്ടിമറിക്കാനുള്ള ഹീനമായ തന്ത്രമാണ് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

10 ശതമാനം സാമ്പത്തികസംവരണം നടപ്പാക്കാനുള്ള കേന്ദ്രസർക്കാർതീരുമാനം ഉണ്ടായി ഒരുവർഷം കഴിഞ്ഞിട്ടും സംസ്ഥാനത്ത് അത് നടപ്പാക്കുന്ന കാര്യത്തിൽ കാലതാമസം വരുത്തുന്നതും തടസ്സങ്ങൾ സൃഷ്ടിക്കുന്നതുമായ സർക്കാരിന്റെ ഈ നിലപാട് ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. 10 ശതമാനം സാമ്പത്തികസംവരണം നടപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാനസർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ, കമ്മീഷൻ റിപ്പോർട്ട് അവഗണിച്ച് തെറ്റായി എഴുതിച്ചേർത്ത ഭേദഗതികൾ ഒഴിവാക്കിയും അവ്യക്തതകൾ ദൂരീകരിച്ചും ഇനിയും കാലതാമസം വരുത്താതെ സാമ്പത്തിക സംവരണം നടപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്.